പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2526 12.03.2018 - ൽ മറുപടിക്ക്

# കോന്നി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോന്നി നിയോജക മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കുമോ ;<br><br>(ബി) ഇവയിൽ ഓരോന്നിന്റെയും നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ; ഇതിൽ ഓരോ പ്രവൃത്തികളും ആരംഭിച്ചത് എന്നാണ്; ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ ; | (എ) & (ബി) അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) ഇനി ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കുവാനുണ്ട്; അവയിൽ ഓരോന്നിന്റെയും അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) ഇനിയും ആരംഭിക്കുവാനുള്ള പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ, ഏതെല്ലാം | (ഡി) **നിരത്തുകളും പാലങ്ങളും വിഭാഗം**<br><br>1. ചിറ്റാർ - 2017/4144, സൂപ്രണ്ടിംഗ് എഞ്ചിനീയർ |

നമ്പരുകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

ഓഫീസ് ദക്ഷിണമേഖല, തിരുവനന്തപുരം.

2. അട്ടച്ചാക്കൽ - 2016/7008, കേരള റോഡ് ഫണ്ട് ബോർഡ്.
3. കലഞ്ഞൂർ - 2016/7061, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, കെ. ആർ. എഫ്. ബി, തിരുവനന്തപുരം.

**കെട്ടിട വിഭാഗം**

കോന്നി പി. എച്ച്. സി - യ്ക്കുവേണ്ടി മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇവ ഓരോന്നും എന്നത്തേയ്ക്ക് ആരംഭിക്കുവാനും, പൂർത്തീകരിക്കുവാനും കഴിയുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇനിയും ആരംഭിക്കുവാൻ കഴിയാത്തവയുടെ നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

(ഇ) & (എഫ്)

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്ന മുറയ്ക്കും, ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും പണികൾ ആരംഭിക്കുന്നതാണ്.

കെട്ടിട വിഭാഗത്തിൽ ഭരണാനുമതി കിട്ടിയ ഉടനെ തന്നെ സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുന്നതാണ്.

കലഞ്ഞൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം റെട്രോഫിറ്റിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു.

ഡബ്ല്യൂ ആന്റ് സി ഹോസ്പിറ്റൽ, കൂടലിന്റെ നിർമ്മാണം - കൂടൽ സൈറ്റിലെ കെട്ടിടം പൊളിച്ചു മാറ്റിയില്ല. ഇതിനു പകരം മറ്റൊരു സൈറ്റ് വള്ളിക്കോട് പി. എച്ച്.

സി - യിൽ ഡി. എം. ഒ കാണിച്ചു തരികയും ആയത് സൈറ്റ് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ടി ഡബ്ല്യൂ ആന്റ് സി ഹോസ്പിറ്റൽ, വള്ളിക്കോട് പി. എച്ച്. സി - യുടെ സൈറ്റിലോട്ട് മാറ്റുന്നതിനെപ്പറ്റി യാതൊരുവിധ തീരുമാനങ്ങളും ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് അറിയിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | തുക ( ലക്ഷം) | നിലവിലെ സ്ഥിതി | ആരംഭിച്ച തീയതി | പൂർത്തികരിക്കാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|---|---|
| | **എസ്.എൽ.റ്റി.എഫ് പ്രവൃത്തികൾ 2017-18** | | | | |
| 1 | കൈപ്പട്ടൂർ- വള്ളിക്കോട് റോഡിലെ കി.മീ 0/00 മു. 4/00 വരെ 20 എം.എം ചിപ്പിംഗ് കാർപ്പെറ്റ് ചെയ്യൽ. | 15.00 | (പ്രവൃത്തി പുരോഗമിക്കുന്നു. | 05-12-2017 | 20-03-2018 |
| 2 | കുരിശുംമൂട്-കൊട്ടിപ്പിലേത്ത് റോഡ് കി.മീ 0/000 മു. 7/00 വരെ അത്യാവശ്യ അറ്റകുറ്റപ്പണികൾ. | 25.00 | (പ്രവൃത്തി പുരോഗമിക്കുന്നു. | 11-12-17 | 17-03-2018 |
| 3 | കല്ലേലി-കൊക്കാത്തോട് റോഡ് കി.മീ. 4/500 മു. 6/200 വരെ അത്യാവശ്യ അറ്റകുറ്റപ്പണികൾ. | 25.00 | (പ്രവൃത്തി പുരോഗമിക്കുന്നു. | 30-11-2017 | 17-03-2018 |

| | | | | | |
|---|---|---|---|---|---|
| 4 | കല്ലേലി-കൊക്കാത്തോട് റോഡ് കി.മി. 0/000 മു. 4/500 വരെ അത്യാവശ്യ അറ്റകുറ്റപ്പണികൾ. | 25.00 | (പ്രവൃത്തി പുരോഗമിക്കുന്നു. | 04-12-2017 | 17-03-2018 |
| | (ii) ബഡ്ജറ്റ് വർക്ക് | | | | |
| 1 | ബഡ്ജറ്റ് വർക്ക് 2016-17 കുമ്പഴ - മല്ലശ്ശേരി-പ്രമാടം കോന്നി വഴി ളാക്കൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ. | 610.00 | (പ്രവൃത്തി പുരോഗമിക്കുന്നു. | 24-08-2017 | 23-08-2018 |
| 2 | ബഡ്ജറ്റ് വർക്ക് 2012-13 കോന്നി നിയോജക മണ്ഡലത്തിലെ കോന്നി മെഡിക്കൽ കോളേജ് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ -ഒന്നാം ഘട്ടം. | 3600.00 | (പ്രവൃത്തി പുരോഗമിക്കുന്നു. | 13-02-2017 | 12-08-2018 |
| | (iii) എൽ.എ.സി എ.ഡി.എസ് | | | | |
| 1 | എൽ.എ.സി എ.ഡി.എസ് അച്ചൻകോവിൽ-കല്ലേലി-കോന്നി -തണ്ണിത്തോട്-ചിറ്റാർ-സീതത്തോട്-പ്ലാപ്പള്ളി റോഡ് രണ്ടാം ഘട്ട നവീകരണം ( കോന്നി - തണ്ണിത്തോട്- ചിറ്റാർ റോഡ്) | 500.00 | (പ്രവൃത്തി പുരോഗമിക്കുന്നു. | 25-07-2017 | 24-08-2018 |
| | (iv) കിഫ്ബി 2017-18 | | | | |
| 1 | അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡ് | 2500.00 | ഇൻവെസ്റ്റിഗേഷൻ വർക്ക് പുരോഗമിക്കുന്നു. | 15-12-2017 | 20-03-2018 |
| 2 | പുതുവൽ-മങ്ങാട് റോഡ് | 3100.00 | ഇൻവെസ്റ്റിഗേഷൻ വർക്ക് പുരോഗമിക്കുന്ന | 23-02-2018 | 22-03-2018 |

എ) 1. എല്ലിമുള്ളുംപ്ലാക്കൽ ഗവ. ഹയർസെക്കന്ററി സ്ക്കൂളിന്റെ നിർമ്മാണം

2. തേക്കു തോട് ഗവ. ഹയർ സെക്കന്ററി സ്ക്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം

3. കോന്നി ഡ്രഗ്സ് കൺട്രോൾ ലാബിന്റെ കെട്ടിട നിർമ്മാണം.

4. ശ്രീ. വയലാർ രവി എം.പിയുടെ ഫണ്ട് ഉപയോഗിച്ച് എലിമുള്ളുംപ്ലാക്കൽ ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം.

5. ചിറ്റാർ സി.എച്ച്.സിയുടെ കെട്ടിട നിർമ്മാണം.

6. മലയാലപ്പുഴ ജെ.എം.പി. ഹയർ സെക്കന്ററി സ്ക്കൂളിന്റെ കെട്ടിട നിർമ്മാണം.

7. കോന്നി വെറ്റിനറി ആശുപത്രിയുടെ ബാക്കി പ്രവൃത്തികൾ.

ബി) 1. എല്ലിമുള്ളുംപ്ലാക്കൽ ഗവ. ഹയർസെക്കന്ററി സ്ക്കൂളിന്റെ നിർമ്മാണം- പെയിന്റിംഗ് പണികൾ പുരോഗമിക്കുന്നു. 21/10/2016 - ൽ പ്രവൃത്തി ആരംഭിച്ചു. 2018 ഏപ്രിലിൽ പൂർത്തീകരിക്കും.

2. തേക്കുതോട് ഗവ. ഹയർ സെക്കന്ററി സ്ക്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം – ഒന്നാം നിലയുടെ പണികൾ പുരോഗമിക്കുന്നു. 12/05/2017 ൽ പ്രവൃത്തി ആരംഭിച്ചു. 2018 ഓഗസ്റ്റിൽ പൂർത്തീകരിക്കും.

3. കോന്നി ഡ്രഗ്സ് കൺട്രോൾ ലാബിന്റെ കെട്ടിട നിർമ്മാണം – സാങ്കേതികാനുമതിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി.

4. ശ്രീ. വയലാർ രവി എം.പിയുടെ ഫണ്ട് ഉപയോഗിച്ച് എലിമുള്ളുംപ്ലാക്കൽ ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം- 12/07/2016 - ൽ പ്രവൃത്തി ആരംഭിച്ചു. പ്രവൃത്തി പൂർത്തീകരിച്ചു.

5. ചിറ്റാർ സി.എച്ച്.സിയുടെ കെട്ടിട നിർമ്മാണം-സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. സ്ട്രക്ചറൽ ഡിസൈൻ പുരോഗമിക്കുന്നു.

6. മലയാലപ്പുഴ ജെ.എം.പി. ഹയർ സെക്കന്ററി സ്ക്കൂളിന്റെ കെട്ടിട നിർമ്മാണം -20/06/2016 -ൽ പ്രവൃത്തി ആരംഭിച്ചു, സിവിൽ വർക്ക് പൂർത്തിയായി.

7. കോന്നി വെറ്റിനറി ആശുപത്രിയുടെ ബാക്കി പ്രവൃത്തികൾ- 25/10/2016 -ൽ പ്രവൃത്തി ആരംഭിച്ചു, പ്രവൃത്തി പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ.

അനുബന്ധം - II

| ക്രമ നം | ആരംഭിക്കുവാനുള്ള പ്രവൃത്തിയുടെ പേര് | തുക(ലക്ഷം) | നിലവിലെ സ്ഥിതി | ഫയൽ നം | ഏത് ഓഫീസ്. |
|---|---|---|---|---|---|
| 1 | ബഡ്ജറ്റ് വർക്ക് 2017-18 ചിറ്റാർ-പുലയൻപാറ റോഡ് കി.മി 0/00 മുതൽ 1/500 വരെ. ബിഎംബി ബി.സി ചെയ്യുക. | 100.00 | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. | 2017/4144 | സൂപ്രണ്ടിംഗ് എൻജിനീയർ ഓഫീസ് ദക്ഷിണമേഖല, തിരുവനന്തപുരം. |
| | കിഫ്ബി 2016-17 അട്ടച്ചാക്കൽ-കുമ്പളാംപൊയ്ക റോഡ് | 1700.00 | സാങ്കേതിക അനുമതി ലഭിച്ചു. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. | 2016/7008 | കേരള റോഡ് ഫണ്ട് ബോർഡ് |
| 3 | കലഞ്ഞൂർ-പാടം റോഡ് | 2229 .00 | ഡി.പി.ആർ സമർപ്പിച്ചു സാങ്കേതിക അനുമതി ഉടനെ ലഭ്യമാവുന്നതാണ്. | 2016 /7061 | സാങ്കേതികാനുമതിക്കായി ഡി.പി.ആർ. കേരള റോഡ് ഫണ്ട് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |

(ഡി)

1. കലഞ്ഞൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിന്റെ കെട്ടിട നിർമ്മാണം - റെട്രോഫിറ്റിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു.

2. ഡബ്ല്യൂ.&സി ഹോസ്പിറ്റൽ, കൂടലിന്റെ നിർമ്മാണം - കൂടൽ സൈറ്റിലെ കെട്ടിടം പൊളിച്ചു മാറ്റിയില്ല. ഇതിനു പകരം മറ്റൊരു സൈറ്റ് വള്ളിക്കോട് പി.എച്ച്.സി യിൽ ഡി.എം.ഒ കാണിച്ചു തരികയും ആയത് സൈറ്റ് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ടി ഡബ്ല്യൂ & സി ഹോസ്പിറ്റൽ വള്ളിക്കോട് പി.എച്ച്.സി യുടെ സൈറ്റിലോട്ട് മാറ്റുന്നതിനെപ്പറ്റി യാതൊരുവിധ തീരുമാനങ്ങളും ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് അറിയിച്ചിട്ടില്ല.

നോഡൽ ഓഫീസർ.